"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-എയ്ഡഡ്- എറണാകുളം ജില്ലയിലെ കോതമംഗലം കീരംപാറ സെന്റ് സ്റ്റീഫൻസ് എച്ച്.എസ്.എസ്. ലെ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തിക ഉത്തരവ് തീയതി പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി (ഹിന്ദി) തസ്തികയായി ഉയർത്തി ശ്രീ. ബിജു വർഗ്ഗീസ് ഫയൽ ചെയ്ത WP(C) No.8400/2024 കേസിന്മേലുള്ള വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.83/2026/GEDN തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1) ശ്രീ.ബിജു വർഗീസ് ഫയൽ ചെയ്ത WP(C) No.7225/2023 കേസിലെ 15.03.2023 ലെ വിധിന്യായം

2) 24.01.2024 ലെ സ.ഉ (സാധാ) നം.685/2024/പൊവിവ

3) ശ്രീ.ബിജു വർഗീസ് ഫയൽ ചെയ്ത WP(C) No.8400/2024 കേസിലെ 09.01.2025 ലെ വിധിന്യായം

4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.07.2025 തീയതിയിലെ എച്ച്.എസ്.ഇ/6239/2024-എസിഡി-സി2 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം കോതമംഗലം കീരംപാറ സെന്റ് സ്റ്റീഫൻസ് എച്ച്എസ്.എസ് ലെ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തിക എച്ച്.എസ്.എസ്.റ്റി (ഹിന്ദി) ആയി അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ബിജു വർഗ്ഗീസ് WP(C) No.7225/2023 പ്രകാരം കേസ് ഫയൽ ചെയ്തിരുന്നു. ടി സ്കൂളിൽ ഹിന്ദി വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) വിഭാഗത്തിൽ ഒരു തസ്തിക ഉള്ളതിനാൽ വിദ്യാർത്ഥികളുടെ പഠനത്തിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന സാഹചര്യമില്ലാത്തതിനാൽ തസ്തിക അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം തത്കാലം പരിഗണിക്കാൻ നിർവാഹമില്ലെന്ന് വ്യക്തമാക്കി പരാമർശം (1) വിധിന്യായം നടപ്പിലാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ടി.സ്കൂളിൽ ആഴ്ചയിൽ 1 5 പീരിയഡിൽ കൂടുതൽ ക്ലാസ് കൈകാര്യം ചെയ്യുന്നതിനാൽ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തിക എച്ച്.എസ്.എസ്.റ്റി (ഹിന്ദി) ആയി അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ബിജു വർഗ്ഗീസ് WP(C) No.8400/2024 പ്രകാരം ബഹു.ഹൈക്കോടതിയിൽ വീണ്ടും കേസ് ഫയൽ ചെയ്തു. പ്രസ്തുത കേസ് പരിഗണിച്ച ബഹു.കോടതി, പരാമർശം (2) ഉത്തരവ് റദ്ദാക്കുകയും പരാതിക്കാരൻ ജോലി ചെയ്യുന്ന തസ്തിക

എച്ച്.എസ്.എസ്.റ്റി ആയി കണക്കാക്കി ആനുകല്യങ്ങൾ നൽകാൻ നിർദ്ദേശിക്കുകയും ചെയ്തുകൊണ്ട് പരാമർശം (3) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു.

3. ശ്രീ. ബിജു വർഗ്ഗീസ് 2005-06 മുതൽ 1 5 പീരിയഡിന് മുകളിൽ കൈകാര്യം ചെയ്തുവരുന്നതായി പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം കോതമംഗലം കീരംപാറ സെന്റ് സ്റ്റീഫൻസ് എച്ച്.എസ്.എസ് ലെ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തിക ഉത്തരവ് തീയതി പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി (ഹിന്ദി) തസ്തികയായി ഉയർത്തിയും അപ്രകാരം പരാമർശം (3) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കൻഡറി വിദ്യാഭ്യാസം, എറണാകുളം
മാനേജർ സെന്റ് സ്റ്റീഫൻസ് എച്ച്.എസ്.എസ്, കീരംപാറ, കോതമംഗലം
ശ്രീ.ബിജുവർഗീസ്, എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി), സെന്റ് സ്റ്റീഫൻസ് എച്ച്.എസ്.എസ്, കീരംപാറ, കോതമംഗലം
അഡ്വക്കേറ്റ് ജനറൽ കേരളം, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (ബി1/342/2023-ധന തീയതി 21.02.2023 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് ( 14.03.2026 ലെ ഇനം നം. 3992 പ്രകാരം)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 15-03-2026 15:11:01
സെക്ഷൻ ഓഫീസർ

*പകർപ്പ്- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*
*പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്*

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 14-03-2026

ഫയൽ നം. ഇ1/319/2024/പൊ.വി.വ.

ഇനം നം: 3992

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - എറണാകുളം ജില്ലയിലെ കോതമംഗലം കീരംപാറ സെന്റ് സ്റ്റീഫൻസ് എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.എസ്.റ്റി. ജൂനിയർ (ഹിന്ദി) തസ്തിക ഉത്തരവു തീയതി പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി. (ഹിന്ദി) തസ്തികയായി ഉയർത്തി ശ്രീ. ബിജു വർഗ്ഗീസ് ഫയൽ ചെയ്ത WP(C) No.8400/2024 കേസിന്മേലുള്ള 09.01.2025-ലെ വിധിന്യായം നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ1/319/2024 /പൊ.വി.വ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ് |
| 3 | വിഷയം | : | എറണാകുളം ജില്ലയിലെ കോതമംഗലം കീരംപാറ സെന്റ് സ്റ്റീഫൻസ് എച്ച്.എസ്.എസ്. ലെ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തിക ഉത്തരവ് തീയതി പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി (ഹിന്ദി) തസ്തികയായി ഉയർത്തി ശ്രീ ബിജു വർഗ്ഗീസ് ഫയൽ ചെയ്ത WP(C) No.8400/2024 കേസിന്മേലുള്ള 09.01.2025 ലെ വിധിന്യായം നടപ്പിലാക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12.03.2026 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതേ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ബിന്ദു.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ. വാസുകി. കെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച തീയതി | : | |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. വി. ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലയിലെ കോതമംഗലം കീരംപാറ സെന്റ് സ്റ്റീഫൻസ് എച്ച്.എസ്.എസ്. ലെ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തിക ഉത്തരവ് തീയതി പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി (ഹിന്ദി) തസ്തികയായി ഉയർത്തി ശ്രീ. ബിജു വർഗ്ഗീസ് ഫയൽ ചെയ്ത WP(C) No.8400/2024 കേസിന്മേലുള്ള 09.01.2025 ലെ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. എറണാകുളം കോതമംഗലം കീരംപാറ സെന്റ് സ്റ്റീഫൻസ് എച്ച്.എസ്.എസ് ലെ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തിക എച്ച്.എസ്.എസ്.റ്റി (ഹിന്ദി) ആയി അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ബിജു വർഗ്ഗീസ് ഫയൽ ചെയ്ത WP(C) No. 7225/2023 കേസിന്മേലുള്ള 15.03.2023 ലെ വിധിന്യായം 24.01.2024 ലെ സ.ഉ.(സാധാ) നം.685/2024/പൊ.വി.വ പ്രകാരം നടപ്പിലാക്കിയിരുന്നു. നിലവിൽ ടി സ്കൂളിൽ ഹിന്ദി വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) വിഭാഗത്തിൽ ഒരു തസ്തിക ഉള്ളതിനാൽ വിദ്യാർത്ഥികളുടെ പഠനത്തിന് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന സാഹചര്യമില്ലാത്തതിനാൽ തസ്തിക അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം നിരസിച്ചാണ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. സ്കൂളിൽ ആഴ്ചയിൽ 15 പീരിയഡിൽ കൂടുതൽ ക്ലാസ് കൈകാര്യം ചെയ്യുന്നതിനാൽ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തിക എച്ച്.എസ്.എസ്.റ്റി (ഹിന്ദി) ആയി അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ബിജു വർഗ്ഗീസ് WP(C) No.8400/2024 ഫയൽ ചെയ്യുകയും പ്രസ്തുത കേസിന്മേലുള്ള 09.01.2025 ലെ വിധിന്യായത്തിൽ 24.01.2024 ലെ സ.ഉ.(സാധാ) നം.685/2024/പൊ.വി.വ ഉത്തരവ് റദ്ദാക്കുകയും പരാതിക്കാരൻ ജോലി ചെയ്യുന്ന തസ്തിക എച്ച്.എസ്.എസ്.റ്റി ആയി കണക്കാക്കി ആനുകൂല്യങ്ങൾ നൽകാൻ നിർദ്ദേശിക്കുകയും ചെയ്തു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം, ശ്രീ. ബിജു വർഗ്ഗീസ് 2005-06 മുതൽ 15 പീരിയഡിന് മുകളിൽ കൈകാര്യം ചെയ്തുവരുന്നുണ്ട്. കൂടാതെ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തിക എച്ച്.എസ്.എസ്.റ്റി (ഹിന്ദി) തസ്തികയായി ഉയർത്തുന്നപക്ഷം പ്രതിവർഷം ഏകദേശം 1,23,264/- രൂപയുടെ (ഒരു ലക്ഷത്തി ഇരുപത്തി മൂവായിരത്തി ഇരുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണെന്നും അറിയിക്കുകയുണ്ടായി.

4. WP(C) No.8400/2024 കേസിലെ 09.01.2025 ലെ വിധ്യായത്തിന്മേലുള്ള അപ്പീൽ സാധ്യതയുമായി ബന്ധപ്പെട്ട് നിയമ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ടി വകുപ്പ് ചുവടെപ്പറയുന്ന അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.:-

*"ബഹു: ഹൈക്കോടതി, State of Kerala v. K.V. Sreejith [2019 (2) KLT 253], Fr. Sony Mathew v. State of Kerala [2021 (5) KLT 543] എന്നീ കേസുകളെ precedent ആയിട്ടാണ് writ പെറ്റീഷൻ അനുവദിച്ചിരിക്കുന്നു. ശ്രീജിത്ത് കേസിൽ കോടതി വ്യക്തമാക്കിയത് workload അപ്ഗ്രേഡേഷനു വേണ്ടതാണോ എന്ന് തിരിച്ചറിയണം. ക്ലാസ് ലോഡ് 15 പീരീഡുകൾ കവിഞ്ഞാൽ HSST (Jr.) , HSST ആയി അപ്ഗ്രേഡ് ചെയ്യുന്നത് നിർബന്ധമാണ്. ഇത് ഒരു പോളിസി തീരുമാനം അല്ല. ഒരു HSST (Jr.) പോസ്റ്റ് അനുവദിച്ചുകഴിഞ്ഞാൽ, അപ്ഗ്രേഡേഷൻ Chapter XXXII KER പ്രകാരം കൃത്യമായി ജോലി ഭാരത്തെ അടിസ്ഥാനമാക്കി തീരുമാനിക്കണം.*

*അപ്ഗ്രേഡേഷൻ ശുപാർശ ചെയ്താൽ, കൂടാതെ പീരീഡുകൾ 15-നെ കവിയുന്നുവെങ്കിൽ, അപ്ഗ്രേഡേഷൻ സ്വയമേ നടക്കേണ്ടതാണ്. ഈ കേസിൽ ഡയറക്ടർ അപ്ഗ്രേഡേഷൻ ശുപാർശ ഇതിനകം തന്നെ നൽകിയിട്ടുണ്ട്. അതിനാൽ കേസിന് Sreejith കേസിന്റെ സംരക്ഷണം പൂർണമായി ലഭിക്കുന്നു. സുപ്രീം കോടതി Sreejith കേസിലെ വിധി സ്ഥിരീകരിച്ചതിനാൽ, അതിനെതിരെ അപ്പീൽ ഫയൽ സാധ്യത വിരളമാണ്. financial burden അപ്ഗ്രേഡേഷൻ നിഷേധിക്കാനുള്ള കാരണം ആകില്ലെന്ന് Sreejith കേസിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അത് സുപ്രീം കോടതി uphold ചെയ്തുമുണ്ട്. HSST (Jr.) പോസ്റ്റ് ഇതിനകം sanction ചെയ്തിട്ടുണ്ടെങ്കിൽ, കൂടാതെ പീരഡുകൾ 15 കൂടുന്നുവെങ്കിൽ, HSST പോസ്റ്റ് അനുവദിക്കേണ്ടതാണെന്നും അതിനായി വേറെ സർക്കാർ അനുമതി വേണമെന്നില്ല എന്നും ഡയറക്ടറുടെ ശുപാർശ മാത്രം മതിയാകുമെന്നും ഈ കേസിൽ അത് നിലവിലുണ്ടെന്നും ബഹു ഹൈക്കോടതി നിരീക്ഷിച്ചിരുന്നു. അവയെല്ലാം പരിഗണിച്ചാൽ, WP(C) 8400/2024-ൽ 09.01.2025-ലെ ജഡ്ജ്മെന്റിനെതിരെ Writ Appeal സാധ്യത വിരളമാണെന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്. "*

5. തുടർന്ന് വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള പ്രകാരം അഭിപ്രായം ലഭ്യമാക്കുകയുണ്ടായി:-

*"എറണാകുളം കോതമംഗലം കീരംപാറ സെന്റ് സ്റ്റീഫൻസ് എച്ച്.എസ്.എസ്. ലെ HSST (Jr) ഹിന്ദി തസ്തിക ഉത്തരവ് തീയതി പ്രാബല്യത്തിൽ HSST ആയി ഉയർത്താവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.*

*മേൽ തീരുമാനത്തിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "*

6. WP(C) No.8400/2024 കേസിന്മേലുള്ള 09.01.2025 ലെ വിധിന്യായത്തിന്മേൽ അപ്പീൽ സാധ്യതയില്ലെന്ന നിയമ വകുപ്പിന്റെ ഉപദേശത്തിന്റെയും ടി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തിക ഉത്തരവ് തീയതി പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി ആയി ഉയർത്താവുന്നതാണെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ എറണാകുളം കോതമംഗലം കീരംപാറ സെന്റ് സ്റ്റീഫൻസ് എച്ച്.എസ്.എസ് ലെ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തിക ഉത്തരവ് തീയതി പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി (ഹിന്ദി) ആയി ഉയർത്തി WP(C) No.8400/2024 കേസിന്മേലുള്ള 09.01.2025 ലെ വിധിന്യായം നടപ്പിലാക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി സമർപ്പിച്ചപ്പോൾ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി

## തീരുമാനിക്കേണ്ട വിഷയം

എറണാകുളം ജില്ലയിലെ കോതമംഗലം കീരംപാറ സെന്റ് സ്റ്റീഫൻസ് എച്ച്.എസ്.എസ്. ലെ എച്ച്.എസ്.എസ്.റ്റി-ജൂനിയർ (ഹിന്ദി) തസ്തിക ഉത്തരവ് തീയതി പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി (ഹിന്ദി) തസ്തികയായി ഉയർത്താവുന്നതും അപ്രകാരം WP(C) No.8400/2024 കേസിന്മേലുള്ള 09.01.2025 ലെ വിധിന്യായം നടപ്പിലാക്കാവുന്നതുമാണോ.

GOVERNMENT OF KERALA

(Sri.Pinarayi Vijayan Ministry)

NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File No. | : | E1/319/2024/G.Edn |
| 2 | Department | : | General Education (E) Department |
| 3 | Subject | : | Complian c e of the judgment dated 09.01.2025 of the Hon'ble High Court in WP(C) No.8400/2024 filed by Shri. Biju Varghese by upgrading the post of HSST-Junior (Hindi) to HSST (Hindi) in St. Stephen's HSS, Keerampara, Kothamangalam in Ernakulam District, with efeect from the date of order. - Reg. |
| 4 | Date of Chief Minister's Order for placing before the Council | : | 12.03.2026 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Incorporated |
| 6 | Are any other Departments concerned with the case and if so have they been consulted and their remarks incorporated in the Note for the Council? | : | Yes<br>Incorporated |
| 7 | Name of Joint Secretary who submitted the Draft Note | : | Smt. Bindu.R |
| 8 | Name of Secretary who approved the Draft Note | : | Dr.Vasuki.K |
| 9 | Date of approval of the Draft Note for the Council by the Secretary | : | |
| 10 | Name of Chief Secretary who approved the Draft Note. | : | Dr. A. Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | |
| 12 | Name of Minister who approved the Draft Note | : | Shri.V.Sivankutty |
| 13 | Date of approval of the Draft Note for the Council by the Minister | : | |
| 14 | Date of submission of fair copies | : | |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./Letter communicating the decision | : | |

## NOTE FOR THE COUNCIL OF MINISTERS

This note deals with the compliance of the judgment dated 09.01.2025 of the Hon'ble High Court in WP(C) No.8400/2024, filed by Sri. Biju Varghese by upgrading the post of HSST-Junior (Hindi) to HSST (Hindi) in St. Stephen's HSS, Keerampara, Kothamangalam in Ernakulam District with effect from the date of the order.

2. The judgment dated 15.03.2023 in WP(C) No. 7225/2023 filed by Shri. Biju Varghese seeking up-gradation of the post of HSST-Junior (Hindi) to HSST (Hindi) in St. Stephen's HSS, Kothamangalam, Keerampara, Ernakulam was complied with vide G.O (Rt) No. No.685/2024/GEDN dated 24.01.2024. The order was issued rejecting the request for up-gradation since there is currently one post of HSST-Junior (Hindi) and hence there is no situation that would affect the students. Shri. Biju Varghese again filed WP(C) No.8400/2024 requesting to upgrade the post of HSST-Junior (Hindi) to HSST (Hindi) as he is handling classes for more than 15 periods per week. In the judgment dated 09.01.2025, the Hon'ble Court has quashed G.O (Rt) No. No.685/2024/GEDN dated 24.01.2024 and directed to sanction the benefits considering that the post in which the petitioner working is HSST.

3. As per the report of the Director of General Education, the petitioner is handling more than 15 periods since the academic year 2005-06. Further, it was informed that there will be an approximate annual financial commitment of Rs. 1,23,264/- (Rupees One lakh twenty three thousand two hundred and sixty four only) in case if the post of HSST-Junior (Hindi) is upgraded to (HSST (Hindi).

4. When Law Department was consulted to ascertain the scope of filing appeal against the judgment dated 09.01.2025 in WP(C) No.8400/2024, that Department opined as follows:-

*"ബഹു: ഹൈക്കോടതി, State of Kerala v. K.V. Sreejith [2019 (2) KLT 253], Fr. Sony Mathew v. State of Kerala [2021 (5) KLT 543] എന്നീ കേസുകളെ precedent ആയിട്ടാണ് writ പെറ്റീഷൻ അനുവദിച്ചിരിക്കുന്നു. ശ്രീജിത്ത് കേസിൽ കോടതി വ്യക്തമാക്കിയത് workload അപ്ഗ്രേഡേഷനു വേണ്ടതാണോ എന്ന് തിരിച്ചറിയണം. ക്ലാസ് ലോഡ് 1 5 പീരീഡുകൾ കവിഞ്ഞാൽ HSST (Jr.) , HSST ആയി അപ്ഗ്രേഡ് ചെയ്യുന്നത് നിർബന്ധമാണ്. ഇത് ഒരു പോളിസി തീരുമാനം അല്ല. ഒരു HSST (Jr.) പോസ്റ്റ് അനുവദിച്ചുകഴിഞ്ഞാൽ, അപ്ഗ്രേഡേഷൻ*

*Chapter XXXII KER പ്രകാരം കൃത്യമായി ജോലി ഭാരത്തെ അടിസ്ഥാനമാക്കി തീരുമാനിക്കണം അപ്ഗ്രേഡേഷൻ ശുപാർശ ചെയ്താൽ, കൂടാതെ പീരീഡുകൾ 15-നെ കവിയുന്നുവെങ്കിൽ, അപ്ഗ്രേഡേഷൻ സ്വയമേ നടക്കേണ്ടതാണ്. ഈ കേസിൽ ഡയറക്ടർ അപ്ഗ്രേഡേഷൻ ശുപാർശ ഇതിനകം തന്നെ നൽകിയിട്ടുണ്ട്. അതിനാൽ കേസിന് Sreejith കേസിന്റെ സംരക്ഷണം പൂർണമായി ലഭിക്കുന്നു. സുപ്രീം കോടതി Sreejith കേസിലെ വിധി സ്ഥിരീകരിച്ചതിനാൽ, അതിനെതിരെ അപ്പീൽ ഫയൽ സാധ്യത വിരളമാണ്. financial burden അപ്ഗ്രേഡേഷൻ നിഷേധിക്കാനുള്ള കാരണം ആകില്ലെന്ന് Sreejith കേസിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അത് സുപ്രീം കോടതി uphold ചെയ്തുമുണ്ട്. HSST (Jr.) പോസ്റ്റ് ഇതിനകം sanction ചെയ്തിട്ടുണ്ടെങ്കിൽ, കൂടാതെ പീരഡുകൾ 1 5 കൂടുന്നുവെങ്കിൽ, HSST പോസ്റ്റ് അനുവദിക്കേണ്ടതാണെന്നും അതിനായി വേറെ സർക്കാർ അനുമതി വേണമെന്നില്ല എന്നും ഡയറക്ടറുടെ ശുപാർശ മാത്രം മതിയാകുമെന്നും ഈ കേസിൽ അത് നിലവിലുണ്ടെന്നും ബഹു ഹൈക്കോടതി നിരീക്ഷിച്ചിരുന്നു. അവയെല്ലാം പരിഗണിച്ചാൽ, WP(C) 8400/2024-ൽ 09.01.2025-ലെ ജഡ്ജ്മെന്റിനെതിരെ Writ Appeal സാധ്യത വിരളമാണെന്ന് ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്."*

5. The Finance Department has offered the following remarks in this regard:-

*"എറണാകുളം കോതമംഗലം കീരംപാറ സെന്റ് സ്റ്റീഫൻസ് എച്ച്.എസ്.എസ്. ലെ HSST (Jr) ഹിന്ദി തസ്തിക ഉത്തരവ് തീയതി പ്രാബല്യത്തിൽ HSST ആയി ഉയർത്താവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു.*

*മേൽ തീരുമാനത്തിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

6. Based on the advice of the Law Department that there is no scope of appeal against the judgment dated 09.01.2025 in WP(C) No.8400/2024 and the remarks of Finance Department that the post of HSST-Junior (Hindi) in the school can be upgraded to HSST with effect from the date of the order, when the file was circulated to Hon'ble Chief Minister for orders whether the judgment dated 09.01.2025 in WP(C) No.8400/2024 may be complied with by upgrading the post of HSST-Junior (Hindi) to HSST (Hindi) in St. Stephen's HSS, Kothamangalam, Keerampara, Ernakulam district, with effect from the date of order, the Hon'ble Chief Minister has ordered to place the matter before the Council of Ministers.

## **Point for Decision**

Whether the judgment dated 09.01.2025 of the Hon'ble High Court in WP(C) No.8400/2024 may be complied with by upgrading HSST-Junior

(Hindi) post to HSST (Hindi) in St. Stephen's HSS, Keerampara, Kothamangalam in Ernakulam district, with effect from the date of order.